# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.303 — 15/12/2014 ൽ മറുപടിക്ക്

### ആന്റി കറപ്ഷൻ ബ്യൂറോ മാനുവൽ പരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.സാജു പോൾ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അഴിമതി ആരോപണങ്ങളും കൃത്യവിലോപങ്ങളും അന്വേഷിക്കുന്നത് സംബന്ധിച്ച് ആന്റി കറപ്ഷൻ ബ്യൂറോയുടെ മാനുവൽ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ടോ ; | (എ) അഴിമതി ആരോപണങ്ങളും കൃത്യവിലോപങ്ങളും അന്വേഷിക്കുന്നത് സംബന്ധിച്ച് വിജിലൻസ് മാനുവൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി." എന്ന റിട്ട് ഹർജിയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നിർദ്ദേശം വിജിലൻസ് ബ്യൂറോയിലെ ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്. വ്യക്തമായ ചില മാർഗ്ഗ നിർദ്ദേശങ്ങൾ ഇനിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യവിലോപങ്ങളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾക്ക് നിലവിലുള്ള നിർദ്ദേശങ്ങൾ പര്യാപ്തമാണ്. |
| (ബി) സുപ്രീം കോടതി അഞ്ചംഗ ബഞ്ച് എഫ്.ഐ.ആറിനു മുമ്പുള്ള പ്രാഥമിക അന്വേഷണം സംബന്ധിച്ച് 2013 ൽ പുറപ്പെടുവിച്ച വിധി പ്രസ്താവത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടെ മാനുവൽ പരിഷ്കരിച്ചിട്ടുണ്ടോ ; | (ബി) അഴിമതി കേസുകളിൽ പ്രാഥമിക അന്വേഷണം നടത്തി പൂർത്തിയാക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീം കോടതി നിശ്ചയിച്ച സമയപരിധി അനുസരിച്ച് പ്രവർത്തിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിധിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് മാനുവൽ പരിഷ്കരിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ആന്റി കറപ്ഷൻ ബ്യൂറോ, നിലവിൽ അഴിമതി കേസിൽ അന്വേഷണത്തിന് പിന്തുടരുന്നത് ഏതു വിധിയുടെ വെളിച്ചത്തിലുള്ള നടപടിക്രമങ്ങളാണ്; | (സി) ഇതേവരെ വിജിലൻസ് പിൻതുടർന്നിരുന്നത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ "സിറാജുദ്ദീൻ Vs സ്റ്റേറ്റ് ഓഫ് മദ്രാസ്" എന്ന വിധിയുടെ അടിസ്ഥാനത്തിലും മറ്റ് ഗവൺമെന്റ് ഉത്തരവുകളുടെ വെളിച്ചത്തിലുമായിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി." എന്ന റിട്ട് ഹർജിയിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ആണ് ഇപ്പോൾ അന്വേഷണങ്ങൾ നടത്തുന്നത്. |

(ഡി) ബഹു. ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ഉന്നയിക്കപ്പെട്ട കോഴ ആരോപണം സംബന്ധിച്ച് വിജിലൻസ് സംഘം അന്വേഷണം നടത്തിയത് ഭരണഘടനാ ബെഞ്ചിന്റെ ഏതു വിധി പ്രസ്താവം അനുസരിച്ചാണ് ;

(ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി ആന്റ് അദേഴ്സ്" എന്ന റിട്ട് ഹർജിയിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലാണ് ബഹു. ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ഉന്നയിച്ച ആരോപണത്തെ സംബന്ധിച്ച അന്വേഷണം നടത്തിയത്.

(ഇ) പ്രസ്തുത വിധിക്കനുസൃതമായി അന്വേഷണം നടത്താൻ വിസമ്മതിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ എടുക്കാവുന്ന ശിക്ഷ സംബന്ധിച്ച് വിധി പ്രസ്താവത്തിൽ പരാമർശമുണ്ടോ; എങ്കിൽ എന്താണ്;

(ഇ) പ്രസ്തുത വിധിയുടെ പാരഗ്രാഫ് 111(iv)-ൽ Action must be taken against erring officers who do not register the FIR if information received by him discloses a cognizable offence. FIR എടുക്കാൻ വിസമ്മതിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കാൻ വിധിയിൽ നിർദ്ദേശമുണ്ട്. വീഴ്ചയുണ്ടാകുന്ന ഓരോ കേസിലും എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്നുള്ളത് പ്രസ്തുത കേസിന്റെ വസ്തുതകളും സ്വഭാവങ്ങളും കണക്കിലെടുത്ത് ആയിരിക്കും.

(എഫ്) സുപ്രീം കോടതി ഭരണഘടനാ ബെഞ്ചിന്റെ പ്രസ്തുത വിധിയുടെ സ്പിരിറ്റിലാണോ, മറിച്ച് ക്വിക് വെരിഫിക്കേഷൻ നടത്താനാണോ മേൽപ്പറഞ്ഞ കേസിൽ ആഭ്യന്തരമന്ത്രി ഉത്തരവ് നൽകിയത്; വിശദമാക്കാമോ;

(എഫ്) പ്രസ്തുത കോഴയാരോപണ കേസിൽ ആഭ്യന്തര മന്ത്രി ഒരു തരത്തിലുമുള്ള ഉത്തരവുകളും വിജിലൻസ് ബ്യൂറോയ്ക്ക് നൽകിയിട്ടില്ല. ഈ കേസിൽ സത്വരാന്വേഷണം നടത്താൻ തീരുമാനമെടുത്തതും ഉത്തരവ് നൽകിയതും വിജിലൻസ് ഡയറക്ടർ നേരിട്ടാണ്. ആയത് സുപ്രീം കോടതിയുടെ വിധിക്കനുസൃതമായും ആണ്.

(ജി) വിജിലൻസ് മാനുവലിലെ വ്യവസ്ഥയും സുപ്രീംകോടതി പ്രസ്താവത്തിലെ വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം എന്തായിരുന്നു ?

(ജി) വിജിലൻസിൽ നിലവിലുള്ള സർക്കുലർ പ്രകാരം സത്വരാന്വേഷണത്തിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി 45 ദിവസമാണ്. വിജിലൻസ് നടത്തുന്ന മറ്റ് അന്വേഷണങ്ങൾക്ക് സമയപരിധി നിജപ്പെടുത്തിയിരുന്നില്ല. എന്നാൽ ബഹു. സുപ്രീം കോടതിയുടെ "ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി ആന്റ് അദേഴ്സ്" എന്ന റിട്ട് ഹർജിയിലുള്ള വിധിയുടെ അടിസ്ഥാനത്തിൽ പരമാവധി സമയം 6 ആഴ്ചയാണ്.